TB Movie Panel Weekly Review

**#moviepanel**

ഷെർണി(SHERNI)

Review by GS Manesh

ഈ ചിത്രം എല്ലാത്തരം പ്രേക്ഷകരെയും തൃപ്തിപ്പെടുത്തില്ലെന്നത് ഉറപ്പാണ് സസ്പെൻസ് ത്രില്ലർ അല്ലെങ്കിൽ വിനോദ ചിത്രങ്ങൾ മാത്രം ഇഷ്ടപ്പെടുന്ന ആൾ ആണ് നിങ്ങൾ എങ്കിൽ "ഷെർണി" കാണാതിരിക്കുക . മറിച്ചു റിയലിസ്റ്റിക് ആയ അനുഭവമാണ് പ്രതീക്ഷിക്കുന്നതെങ്കിൽ തീർച്ചയായും കാണേണ്ട ചിത്രം . ഒരു സാധാരണ ബോളിവുഡ് സിനിമയുടെ ambiance നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, ഇത് അതിൽ നിന്ന് വളരെ അകലെയാണ്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഒരു ഇഷ്യൂ ഉണ്ടാകുമ്പോ നമ്മുടെ രാജ്യത്തെ നാട്ടുകാരും സംവിധാനങ്ങളും മാധ്യമങ്ങളും രാഷ്ട്രീയക്കാരും എങ്ങിനെ അതിനെ നേരിടുമെന്ന് റിയലിസ്റ്റിക് ആയി ഷെർണി വരച്ചു കാട്ടുന്നു .
Amit V. Masurkar സംവിധാനം ചെയ്ത മൂന്നാമത്തെ ചിത്രമാണ് "ഷെർണി". അദ്ദേഹത്തിന്റെ ആദ്യ ചിത്രമായ Sulemani Keeda വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും രണ്ടാമത്തെ ചിത്രമായ Newton പ്രേക്ഷക പ്രശംസയും നിരൂപക പ്രശംസയും ഏറെ നേടിയ ചിത്രമാണ് .
മധ്യപ്രദേശിലെ ബിജാപുർ എന്ന സ്ഥലത്തു പുതുതായി സ്ഥലം മാറി എത്തുന്ന വിദ്യ വിൻസെൻറ്(Vidya Balan) . തന്റെ ജോലിയിൽ നൂറശതമാനം ആത്മാർത്ഥത പുലർത്തുന്ന വിദ്യ. പക്ഷെ അർഹമായ പ്രൊമോഷനുകളിൽ എപ്പോഴും അവഗണിക്കപ്പെടാറാണ് പതിവ് . അതുകൊണ്ട് തന്നെ ജോലി രാജി വച്ചാലോ എന്നുപോലും അവർ ചിന്തിക്കുന്നുണ്ട് . പൊതുവെ പുരുഷമേധാവിത്വം കൂടുതൽ ഉള്ള ഡിപ്പാർട്മെന്റിൽ പലപ്പോഴും ഒറ്റപ്പെടലും , അവഗണനകളും ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.
വനംവകുപ്പ് T12 എന്ന് Identify ചെയ്ത ഒരു കടുവ ഗ്രാമപ്രദേശത്തിന് സമീപം മനുഷ്യരെയും,വളർത്തുമൃഗങ്ങളെയും വേട്ടയാടാൻ തുടങ്ങുന്നു .ഇരുവശവും കാടുകളാൽ ചുറ്റപ്പെട്ട ഗ്രാമത്തിൽ വയലുകളുടെ നടുവിലൂടെ കടുവകൾ മുൻകാലങ്ങളിൽ കടന്നുപോകാറുണ്ടായിരുന്നെങ്കിലും അവ അക്രമകാരികൾ ആയിരുന്നില്ല . പക്ഷെ സമീപ കാലത്തുള്ള അവയുടെ ആക്രമണങ്ങൾ ജീവനും,ഉപജീവനത്തിനും ഭീഷണിയാകുന്നു. വിദ്യയെ സംബന്ധിച്ചിടത്തോളം T12 എന്ന കടുവയെ ജീവനോടെ പിടികൂടി ജനവാസമില്ലാത്ത വനമേഖലയിൽ സുരക്ഷിതമായി ജീവിക്കാൻ വിടുക എന്നത് മാത്രമാണ് ലക്ഷ്യം. പക്ഷെ വരാനിരിക്കുന്ന തിരഞ്ഞെടുപ്പിനുള്ള മുഖ്യ വിഷയമായി പ്രാദേശിക രാഷ്ട്രീയക്കാർ കടുവയെ മാറ്റുമ്പോൾ നിസ്സഹായ ആയ വിദ്യക്ക് അടുത്തുള്ള ഒരു കോളേജിലെ സുവോളജി

പ്രൊഫസറായ ഹസ്സൻ നൂറാനി (വിജയ് റാസ്), ഗ്രാമീണ സമിതി അംഗമായ ജ്യോതി (സമ്പ മണ്ഡൽ), ഗ്രാമ കമ്മിറ്റി അംഗം, ശ്രീ നംഗിയ (നീരജ് കബി) എന്നിവരിൽ നിന്നാണ് ഏക പിന്തുണ ലഭിക്കുന്നത്. . പ്രാദേശിക രാഷ്ട്രീയ നേതൃത്വം കടുവയെ വകവരുത്താനായി ഒരു വേട്ടക്കാരനെ രംഗത്തിറക്കുന്നു . രഞ്ജൻ രാജ്ഹൻസ് (ശരത് സക്സേന). ഇതിനിടയിൽ ഗ്രാമത്തിൽ നടക്കുന്ന തുടർ മരണങ്ങൾ (കടുവയുടെ ആക്രമണത്തിൽ ഉള്ളതും ഇല്ലാത്തതും ഇവയിൽ പെടും). ഇതിനിടയിൽ ജനരോഷം വനം വകുപ്പ് ഉദ്യോഗസ്ഥരിലേക്കുള്ള അക്രമണത്തിൽ വരെ എത്തുന്നു .
വേഗത കുറച്ച് അവശ്യം പറയേണ്ടത് മാത്രം പറഞ്ഞു, ആവേശകരവും പിരിമുറുക്കമുള്ളതുമായ കടുവ പാതകളിലൂടെ “ഷെർണി” സഞ്ചരിക്കുമ്പോഴും നിങ്ങളെ വനങ്ങളുടെ അതിമനോഹരമായ സൗന്ദര്യത്തിൽ മുക്കിക്കളയുമ്പോഴും ഒരു വേട്ടയാടുന്ന സന്ദേശം നൽകുന്നു. ഒപ്പം തീക്ഷ്ണവും കൗതുകകരവുമായ ഒരു സിനിമാ അനുഭവം സമ്മാനിക്കുന്നു .
തികച്ചും സംഘർഷ ഭരിതമായ അവസാന പകുതി , മികച്ചൊരു ക്ലൈമാക്സ് . പ്രശ്ന പരിഹാരത്തിന് രണ്ടു മാർഗങ്ങൾ . ഒന്ന് വേട്ടക്കാരന്റെ തോക്കിനാൽ അന്ത്യം , രണ്ട് സുരക്ഷിതമായി ഏതങ്കിലും സുരക്ഷിത വനമേഖലയിലൊ നാഷണൽ പാർക്കിലോ ജീവിക്കാൻ വിടുക .
മനുഷ്യന്റെ ഉള്ളിൽ ഉള്ള നന്മയും തിന്മയും വേർതിരിക്കപ്പെടുന്ന നിമിഷങ്ങൾ . ആത്യന്തികമായി ആർക്കാണ് ജയം എന്നത് സിനിമ കണ്ട് നിങ്ങൾ വിലയിരുത്തുക .
വനത്തിലൂടെ കടുവയുടെ പെട്ടന്നുള്ള വരവ് പ്രതീക്ഷിച്ചുള്ള യാത്രയിൽ നമ്മളും കൂടെ സഞ്ചരിക്കുന്ന പ്രതീതി സൃഷ്ടിക്കാൻ സംവിധയകനും ഒപ്പം മികച്ച വിഷ്വൽസിനും സാധിച്ചു . എടുത്ത് പറയേണ്ട പേരുകളാണ് രാകേഷ് ഹരിദാസ് (കാമറ), അനീഷ് ജോൺ(സൗണ്ട് ഡിസൈൻ), ബെനഡിക്ട് ടെയ്ലർ & നരേൻ ചണ്ഡവർകർ (ബാക്ക്ഗ്രൗണ്ട് സ്കോർ). ആസ്ത ടിക്കു(തിരക്കഥ)-- നായികയുടെ മനസിനെ മാത്രമല്ല , വനം വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഗ്രാമവും വനവും അവയുടെ നിലനിൽപ്പിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചും വളരെ വിശദമായി വിവരിക്കുന്നു. അല്പം ഡോക്യൂ ഫീൽ ഉണ്ടെങ്കിലും ഇഷ്ടമായൊരു തിരക്കഥ............ ------------------------------------ ==================== ഷെർണി യുമായി ബന്ധപ്പെട്ട ഒരു കുറിപ്പ് വായിക്കാനിടയായത് ഇതോടൊപ്പം ഷെയർ ചെയ്യുന്നു ============-=======
കടപ്പാട് : ദ ബെറ്റർ ഇന്ത്യ & ഏഷ്യാനെറ്റ് ന്യൂസ് ====================
യഥാർത്ഥജീവിതത്തിലെ 'ഷെർണി', ഈ വനിതാ ഫോറസ്റ്റ് ഓഫീസർമാർ ഗ്രാമീണർക്കും പ്രിയപ്പെട്ടവർ.. --------------------------------------
വിദ്യാബാലൻ ഫോറസ്റ്റ് ഓഫീസറായെത്തുന്ന 'ഷെർണി' എന്ന സിനിമ അടുത്തിടെയാണ് ഒടിടി പ്ലാറ്റ്ഫോമിൽ റിലീസ് ആയത്. മൃഗങ്ങളെ സംരക്ഷിക്കാനാഗ്രഹിക്കുന്ന, എന്നാൽ ഗ്രാമീണരോട് അനുഭാവമുള്ള ഓഫീസറായിട്ടാണ് വിദ്യ ബാലൻ അതിൽ അഭിനയിച്ചത്. അങ്ങനെ, യഥാർത്ഥ ജീവിതത്തിലെ രണ്ട് ഫോറസ്റ്റ് ഓഫീസർമാരെ കുറിച്ചാണ് ഇത്.

കൽപന കെയും ഗീതാഞ്ജലിയും.
രണ്ട് മാസത്തോളം ആന്ധ്രയിലെ വനങ്ങളിൽ സേവനമനുഷ്ഠിച്ച ശേഷം, പഞ്ചാബിലെ അബോഹർ തുറന്ന വന്യജീവി സങ്കേതത്തിലെ ഫിറോസ്പൂർ ഡിവിഷനിൽ ചാര്ജ്ജെടുത്തതാണ് കൽപ്പന. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായി (ഡിഎഫ്ഒ) നിയമിക്കപ്പെട്ടപ്പോൾ, ഈ സങ്കേതം ഗ്രാമീണരുടെ ഉടമസ്ഥതയിലാണ് എന്ന് കണ്ട് അവര് അമ്പരന്നു. വന്യജീവികളെ, പ്രത്യേകിച്ച് കൃഷ്ണമൃഗത്തെ സംരക്ഷിക്കുന്നതിൽ ബിഷ്നോയ് കമ്മ്യൂണിറ്റിയുടെ സജീവമായ പങ്കാളിത്തം അവളെ സന്തോഷിപ്പിച്ചു. കാട്ടുനായ്ക്കളെയും പശുക്കളെയും ഉപദ്രവിക്കുന്നതിൽ നിന്ന് സമൂഹം വിട്ടുനിന്നു. എന്നിരുന്നാലും, 1970 -കളിലെ ഹരിത വിപ്ലവം കാരണം, നാട്ടുകാർ കാർഷിക മേഖലയ്ക്കായി കൂടുതൽ ഭൂമി കൈവശപ്പെടുത്തുകയും കൃഷ്ണമൃഗത്തിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയാവുകയും ചെയ്യുന്നുണ്ടായിരുന്നു.
കാർഷിക പ്രവർത്തനങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ ആളുകളോട് ആവശ്യപ്പെടാതെ കൃഷ്ണമൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പരിഹാരം കണ്ടെത്തുന്നതിൽ കൽപ്പന പ്രധാന പങ്ക് വഹിച്ചത് ഇവിടെയാണ്. 2014 ബാച്ച് ഓഫീസർക്ക് പുറമെ 2001 ബാച്ച് ഉദ്യോഗസ്ഥയായ എം ഗീതഞ്ജലിയെ കൺസർവേറ്റർ വൈൽഡ്ലൈഫ് ആയി നിയമിച്ചു. 2018 മുതൽ 2019 വരെയുള്ള രണ്ട് വർഷത്തെ കാലാവധിയിൽ, രണ്ട് ഇന്ത്യൻ ഫോറസ്റ്റ് സർവീസ് (ഐഎഫ്എസ്) ഉദ്യോഗസ്ഥർ കൃഷ്ണമൃഗങ്ങളെ സംരക്ഷിക്കാൻ നിരവധി പ്രവര്ത്തനങ്ങള് നടത്തി. അവരുടെ അമ്പരപ്പിക്കുന്ന ശ്രമങ്ങളെ ഐഎഫ്എസ് അസോസിയേഷൻ പോലും അംഗീകരിച്ചു. അസോസിയേഷൻ പ്രസിദ്ധീകരിച്ച 'ദി ഗ്രീൻ ക്വീൻസ് ഓഫ് ഇന്ത്യ - നേഷൻസ് പ്രൈഡ്' എന്ന പുസ്തകത്തിലാണ് ഇരുവരെയും കുറിച്ച് എഴുതിയത്.
ഏകദേശം 18,650 ഹെക്ടർ വിസ്തൃതിയുള്ള ഈ സങ്കേതം 13 ഗ്രാമങ്ങളിലായി വ്യാപിച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ പ്രവേശിക്കാതെ മൃഗങ്ങൾക്ക് സ്വതന്ത്രമായി മേഞ്ഞുനടക്കാന് കഴിയുന്ന വിധത്തിൽ വിശാലമായ കൃഷിസ്ഥലങ്ങൾ ഒരു സങ്കേതമാക്കി മാറ്റാൻ 1975 -ൽ അഖിൽ ഭാരതീയ ജീവ രക്ഷ രക്ഷ സമിതി ബിഷ്നോയ് സഭ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. "ബിഷ്നോയികൾ കൃഷ്ണമൃഗങ്ങളെ പവിത്രമായ മൃഗങ്ങളായി കണക്കാക്കുന്നു, അതിനാൽ അമ്മമാർ അനാഥരായ കൃഷ്ണമൃഗത്തിന്റെ കുഞ്ഞുങ്ങള്ക്ക് ഭക്ഷണം നൽകുന്നു. വന്യജീവികളോടുള്ള ഇത്തരത്തിലുള്ള സ്നേഹം ഉപയോഗിച്ച്, കമ്മ്യൂണിറ്റിയുടെ പിന്തുണയും വിശ്വാസവുമില്ലാതെ പ്രവർത്തിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ മനസ്സിലാക്കി. നിലവിലെ ആവാസവ്യവസ്ഥ വന്യജീവികൾക്ക് അനുയോജ്യമല്ലെന്ന് അവരെ ബോധ്യപ്പെടുത്തുകയായിരുന്നു നിർണായക ഭാഗം" കൽപ്പന പറയുന്നു. കൃഷ്ണമൃഗങ്ങളെ സംരക്ഷിക്കണമെന്ന് ഗ്രാമീണര് ആഗ്രഹിച്ചു. എന്നാല്, വന്യജീവി സാങ്കേതങ്ങള് സംരക്ഷിക്കപ്പെടേണ്ടതിനെ കുറിച്ച് അവര്ക്ക് ധാരണകളില്ലായിരുന്നു. എന്നാല്, ആ മനുഷ്യരുടെ സഹായവും

പിന്തുണയുമില്ലാതെ സംരക്ഷണത്തിന് സാധ്യമല്ലായിരുന്നു എന്ന് ഗീതാഞ്ജലി പറയുന്നു. കൃഷ്ണമൃഗങ്ങള് ആഹാരം കിട്ടാതെ കൃഷിസ്ഥലങ്ങളിലിറങ്ങുന്നതും അവ നശിപ്പിക്കുന്നതും സ്ഥിരമായിരുന്നു. അതിനെ പ്രതിരോധിക്കാന് ഗ്രാമീണർ കോബ്രാ വയറുകള് സ്ഥാപിക്കുകയും ഇത് മൃഗങ്ങളുടെ മരണത്തിന് കാരണമാവുകയും ചെയ്തിരുന്നു.
തുടക്കത്തിൽ, കോബ്ര വയറുകൾ അഴിച്ചുമാറ്റണമെന്ന് വനംവകുപ്പ് ഗ്രാമവാസികളോട് പറഞ്ഞപ്പോൾ അവർ വിളനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടു. നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിയതിനുശേഷവും ഗ്രാമവാസികൾ വയറുകൾ അഴിച്ചു മാറ്റിയില്ല. അങ്ങനെ അവര് പഞ്ചായത്ത് കമ്മിറ്റി, ആക്ടിവിസ്റ്റുകള്, ഫോറസ്റ്റ് ഗാര്ഡുകള് തുടങ്ങി ഒരുപാട് പേരുടെ സഹായത്തോടെ കാര്യങ്ങള് വിശദീകരിക്കാന് ശ്രമിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളില് കൂടി വന്യജീവികളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധം ഉണ്ടാക്കി. എട്ടുമാസത്തോളം ഗ്രാമങ്ങള് കയറിയിറങ്ങി ബോധവല്ക്കരണം നടത്തി. ഒടുവില് പലരും വയറഴിച്ചു മാറ്റാന് തയ്യാറായി.
പിന്നീട്, പരിക്കേറ്റ മൃഗങ്ങള്ക്കായി ഒരു പരിചരണ കേന്ദ്രം തുറന്നു. ആംബുലൻസുകൾ, കൂടുകൾ, വലകൾ, മറ്റ് മൃഗസംരക്ഷണ ഉപകരണങ്ങൾ എന്നിവ പ്രാദേശിക ഉദ്യോഗസ്ഥർക്ക് നൽകി. ആദ്യമായി, വന്യജീവികളുടെ ദൃശ്യങ്ങൾ, പെരുമാറ്റരീതികൾ, കൃഷ്ണമൃഗങ്ങളുടെ ചലനങ്ങൾ എന്നിവ നിരീക്ഷിക്കാനും ശേഖരിക്കാനുമുള്ള ശ്രമം നടന്നു. രണ്ട് ഐഎഫ്എസ് ഉദ്യോഗസ്ഥർക്കും പിന്നീട് സ്ഥലം മാറ്റം കിട്ടിയെങ്കിലും, ദീർഘകാലത്തേക്ക് അവരുടെ പ്രവർത്തനങ്ങൾ സഹായിച്ചു. ഏതായാലും കൃഷി നശിച്ചാൽ നഷ്ടപരിഹാരം കിട്ടും. ഗ്രാമീണർ സന്തുഷ്ടരാണ്.
'ജൈവവൈവിധ്യ സംരക്ഷണത്തിനായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാൻ വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത പരിപാടികളുണ്ട്. അവയെ നഷ്ടപരിഹാര സംവിധാനങ്ങൾ അല്ലെങ്കിൽ PES എന്ന് വിളിക്കുന്നു. എന്റെ പഠനവും ഗവേഷണവും അതിനെക്കുറിച്ചാണ്. അടുത്തിടെ, അബോഹറിലെ പ്രകൃതി പരിസ്ഥിതി വ്യവസ്ഥകളെ പുനസ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾ പരിസ്ഥിതി സിസ്റ്റം സേവനങ്ങളെക്കുറിച്ചുള്ള ഒരു അന്താരാഷ്ട്ര സമ്മേളനത്തിൽ ഞാൻ അവതരിപ്പിച്ചു. അത്തരം പദ്ധതികൾക്ക് അനുയോജ്യമായ രീതിയിൽ കൂടുതൽ ഗവേഷണങ്ങൾ ആവശ്യമാണ്' നിലവിൽ ഫിൻലാൻഡിൽ ഉന്നത പഠനം നടത്തുന്ന ഗീതഞ്ജലി പറയുന്നു.